**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2734** **24-02-2026 - ൽ മറുപടിയ്ക്ക്**

**'ട്രൈബൽ പ്ലസ്' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 'ട്രൈബൽ പ്ലസ്' പദ്ധതിയുടെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ഉണ്ട്. 2018-19 മുതൽ ട്രൈബൽ പ്ലസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 21178 കുടുംബങ്ങൾക്ക് തൊഴിൽ നൽകുക വഴി 450909 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, 2019-20 സാമ്പത്തിക വർഷം 14432 കുടുംബങ്ങൾക്ക് തൊഴിൽ നൽകുക വഴി 361090 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, 2020-21 സാമ്പത്തിക വർഷം 29252 കുടുംബങ്ങൾക്ക് തൊഴിൽ നൽകുക വഴി 1227583 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, 2021-22 സാമ്പത്തിക വർഷം 32071 കുടുംബങ്ങൾക്ക് തൊഴിൽ നൽകുക വഴി 1322434 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, 2022-23 സാമ്പത്തിക വർഷം 30376 കുടുംബങ്ങൾക്ക് തൊഴിൽ നൽകുക വഴി 1182527 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, 2023-24 സാമ്പത്തിക വർഷം 38070 കുടുംബങ്ങൾക്ക് തൊഴിൽ നൽകുക വഴി 1551466 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, 2024-25 സാമ്പത്തിക വർഷം 34843 കുടുംബങ്ങൾക്ക് തൊഴിൽ നൽകുക വഴി 1241429 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, 2025-26 സാമ്പത്തിക വർഷം 15045 കുടുംബങ്ങൾക്ക് തൊഴിൽ നൽകുക വഴി 367192 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 100 തൊഴിൽദിനങ്ങൾക്ക് ഉപരിയായി 100 തൊഴിൽദിനങ്ങൾ നൽകുന്നതിനൊപ്പം തന്നെ പദ്ധതി പ്രയോജനപ്പെടുത്തി പട്ടിക വർഗ്ഗ ഉന്നതികളിലേക്കുള്ള റോഡുകളുടെ നിർമ്മാണം, പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഉപജീവന ആസ്തികളുടെ നിർമ്മാണം (കോഴിക്കൂട്, ആട്ടിൻകൂട്, പശു തൊഴുത്ത്),** |

| | | | |
|---|---|---|---|
| | | | **പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമിയിലെ ഭൂവികസന പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയുടെ ഉന്നമനത്തിന് ഉതകുന്ന രീതിയിലുള്ള പ്രവൃത്തികൾ കൂടുതലായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്.** |
| (ബി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കപ്പെടുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | **ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കപ്പെടുന്ന തുക തൊഴിലാളികൾക്ക് കൂലി ഇനത്തിലാണ് നൽകുന്നത്. തൊഴിലാളി ചെയ്യുന്ന പ്രവൃത്തിയുടെ അളവ് കൃത്യമായി രേഖപ്പെടുത്തി ചെയ്ത പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാർ പരിശോധിച്ച ശേഷമാണ് തുക നൽകുന്നത്.** |

സെക്ഷൻ ഓഫീസർ